# ഇത്ര വലുതാകാൻ എത്ര ചെറുതാകണം!

ബെന്നി പുന്നത്തറ

നാലു ഭടന്മാർ ഭാരമേറിയ ഒരു മരക്കഷണം ഉന്തുവണ്ടിയിൽ കയറ്റാൻ ശ്രമിക്കുകയായിരുന്നു. എന്നാൽ അതിന് വലിയ ഭാരമുണ്ടായിരുന്നതിനാൽ അത് ഉയർത്തി വണ്ടിയിൽ കയറ്റുമ്പോഴേയ്ക്കും വീണ്ടും ഉരുണ്ട് താഴേയ്ക്ക് വീണു. പലപ്രാവശ്യം പരിശ്രമിച്ചെങ്കിലും മരത്തടി വണ്ടിയിൽ കയറ്റുവാൻ കഴിയാതെ ഭടന്മാർ വിഷമിച്ചു. അവരുടെ മേലന്വേഷകനായ കോർപറൽ ദൂരെ മാറിനിന്നുകൊണ്ട് ഇതെല്ലാം വീക്ഷിക്കുകയാണ്. 'ഇനിയും തടി കയറ്റി കഴിഞ്ഞില്ലേ' എന്ന് അയാൾ ഭടന്മാരോട് വിളിച്ചു ചോദിക്കുന്നത് അതുവഴി കുതിരപ്പുറത്തു വന്ന ഒരാൾ കേട്ടു. വീണ്ടും തടി ഉയർത്താൻ പാടുപെടുന്ന ഭടന്മാരുടെ ദയനീയ സ്ഥിതി കണ്ട് അശ്വാരൂഢനായ മനുഷ്യൻ കോർപറലിനോട് ചോദിച്ചു: 'നിങ്ങൾക്കൊന്നു സഹായിച്ചുകൂടെ. ഒന്നു താങ്ങി കൊടുത്താൽ തടി വണ്ടിയിലേയ്ക്ക് കയറും.''ഞാനൊരു കോർപറലാണ്, ഇത്തരം പണികളൊന്നും ഞാൻ ചെയ്യേണ്ടതല്ല.' ഇതായിരുന്നു മറുപടി. ഇതു കേട്ട ആഗതൻ ഒന്നും മിണ്ടാതെ കുതിരപ്പുറത്തുനിന്നും ഇറങ്ങി ആ ഭടന്മാരുടെ അടുത്തേയ്ക്കു ചെന്ന് തടി പിടിക്കാൻ കൂടി. അങ്ങനെ മരക്കഷണം വണ്ടിക്കുള്ളിലായപ്പോൾ ഭടന്മാർ പറഞ്ഞ നന്ദിവാക്കു പോലും കേൾക്കാൻ നിൽക്കാതെ തിരക്കിട്ട് കുതിരപ്പുറത്തു കയറി ഓടിച്ചു പോകുകയും ചെയ്തു.

അമേരിക്കയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ജോർജ് വാഷിങ്ടന് അടുത്ത ദിവസം ഒരു പൗരസ്വീകരണം അവിടെ നടന്നു. ആ ചടങ്ങിൽ മേൽപ്പറഞ്ഞ കോർപറലും പങ്കെടുത്തിരുന്നു. സ്വീകരണം ഏറ്റുവാങ്ങി വേദിയിലിരിക്കുന്ന വാഷിങ്ടനെ കണ്ടപ്പോൾ കോർപറൽ ഞെട്ടി. കാരണം തലേദിവസം കുതിരപ്പുറത്തു വന്നിറങ്ങി ഭടന്മാരെ തടികയറ്റാൻ സഹായിച്ച അതേ വ്യക്തിതന്നെയായിരുന്നു വേദിയിലിരുന്നത്.

വലിയ മനുഷ്യർക്കേ ചെറിയവരാകാൻ കഴിയൂ. എന്നാൽ ചെറിയ മനുഷ്യരാകട്ടെ എപ്പോഴും വലിയവരാകാനൻ ശ്രമിച്ചുകൊണ്ടിരിക്കും. ദൈവം ഏറ്റവും വലിയവനാകയാൽ അവിടുത്തേക്കു മാത്രമേ ഏറ്റവും ചെറിയവനാകാനും സാധിക്കൂ. ദിവ്യകാരുണ്യത്തിന്റെ മുന്നിലിരുന്ന് 'ഇത്ര ചെറുതാകാൻ എത്ര വളരേണം' എന്ന പാട്ടുകേട്ട് പലപ്പോഴും എനിക്കു കണ്ണീരു വന്നിട്ടുണ്ട്. എന്റെ വലുപ്പത്തിന്റെ പൊള്ളത്തരങ്ങളെല്ലാം വെളിപ്പെടുത്തുന്ന ദൈവത്തിന്റെ എളിമ... മനുഷ്യനാൽ കടിച്ചു ചവച്ചരയ്ക്കപ്പെടാൻ പറ്റിയവിധം ഒരു അപ്പത്തിൽ പോലും സന്നിഹിതനാകാൻ കഴിയുന്ന അവിടുത്തെ 'വലിമ' നമ്മുക്ക് മനസിലാകാൻ കഴിയുന്നതിലും മഹിമയുള്ളതുതന്നെ.

ബെത്ലെഹേം എന്ന് പദത്തിന്റെ അർഥം 'അപ്പത്തിന്റെ ഭവനം' എന്നാണ്. മനുഷ്യർക്കു ജീവൻ നൽകാൻ സ്വർഗത്തിൽനിന്നും ഇറങ്ങിവന്ന ജീവനുള്ള അപ്പമായ 'ക്രിസ്തു' പിറന്നുവീഴാൻ തിരഞ്ഞെടുത്തതും അപ്പത്തിന്റെ ഭവനം തന്നെയാണെന്നത് എത്രയോ അർഥപൂർണമാണ്. സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥൻ നിസ്സഹായനായ ഒരു മനുഷ്യശിശുവായി, പുൽത്തൊഴുത്തിൽ ജന്മംകൊള്ളണമെങ്കിൽ അത് എത്രമാത്രം എളിമപ്പെടലാണ്! എളിമപ്പെടാനും ചെറുതാകാനും വിഷമമമുള്ള മനുഷ്യർക്കുവേണ്ടി ദൈവം ചെറുതായി. അതാണ് ക്രിസ്മസ്. അതിനാൽ ഓരോ ക്രിസ്മസും നമ്മെ ക്ഷണിക്കുന്നത് ചെറു

താകാനാണ്. ഒന്നു ചെറുതാകാൻ തയ്യാറായിരുന്നെങ്കിൽ എന്തുമാത്രം മനസ്സമാധാനം നമ്മുക്ക് ലഭ്യമാകുമായിരുന്നു!

ചെറുതാകാൻ തയ്യാറല്ലാത്തവർക്ക് ക്ഷമിക്കാനും മറക്കാനും പറ്റില്ല. വാശിയുടെയും മൽസരത്തിന്റെയും വൈരാഗ്യത്തിന്റെയും പിന്നിലുള്ളത് ചെറുതാകാനുള്ള വിഷമമാണ്. ഭാര്യയോ ഭർത്താവോ ആരെങ്കിലുമൊന്ന് ചെറുതാകാൻ മനസ്സു വച്ചാൽ കുടുംബ കലഹ ങ്ങൾ എത്രകുറയും. രാഷ്ട്രീയ കലഹങ്ങളും പള്ളി വഴക്കുകളുമെല്ലാം വലുതാകാൻ ശ്രമിക്കുന്ന ചെറിയ മനുഷ്യരുടെ ദൗർബല്യങ്ങളാണ്. വേദനകൾ ക്ഷമയോടെ സഹി ക്കാനും പരാതിയും പിറുപിറുപ്പുമില്ലാതെ ജീവിക്കാനും ചെറുതാകാൻ കഴിവുള്ളവർക്കേ സാധിക്കൂ. അതുപോലെതന്നെ ചെറുതാകാൻ മനസ്സുള്ളവർക്ക് മാത്രമേ ബെത്‌ലഹേമിലെ പുൽക്കൂട്ടിൽ നിറഞ്ഞുനിന്ന ശാന്തി സ്വന്തമാക്കാനാകൂ.

'യേശുക്രിസ്തുവിനുണ്ടായിരുന്ന മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ, ദൈവത്തിന്റെ രൂപത്തിലായിരുന്നുവെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യരെപ്പോലെ കാണപ്പെ ട്ടു'(ഫിലി. 2:5-6).

ചെറുതാകാൻ കിട്ടിയ അവസരങ്ങളൊക്കെ തിരിച്ചറിയാത്തതുകൊണ്ട് അവയെല്ലാം മന സ്സിൽ മുറിവും ദുഖവും സൃഷ്ടിച്ചിട്ടുണ്ടാകാം. പുൽക്കൂട്ടിലെ പുണ്യസുതനെ ധ്യാനിക്കു മ്പോൾ നമ്മുടെ അഹങ്കാരങ്ങളൊക്കെ തകർന്നു വീഴട്ടെ. മുറിവുണ്ടാക്കിയവരെല്ലാം 'നീ ഇനിയും ഒരുപാട് വളരാനുണ്ട്- പുൽക്കൂടിന്റെ വലുപ്പത്തിലേക്ക്' എന്നുതന്നെയല്ലേ നമ്മോട് ഉദ്ബോധിപ്പിക്കുന്നത്. ഹേറോദോസിന്റെ കൊട്ടാരത്തിൽനിന്നും ബേത്‌ലെഹേ മിലെ പുൽക്കൂട്ടിലേയ്ക്ക് ഒരുപാട് 'അകലമുണ്ട്.' പക്ഷേ വഴികാട്ടാൻ ദൈവത്തിന്റെ നക്ഷത്രമുണ്ട്. മറ്റുള്ളവരിലേയ്ക്ക് നോക്കാതെ ആ നക്ഷത്രത്തെ തന്നെ പിൻതുടരുക. നാം എത്തേണ്ടിടത്ത് എത്തുകതന്നെ ചെയ്യും.

**പ്രാർഥന**

ദൈവമേ, അങ്ങയെപ്പോലെ ചെറുതാകാൻ കഴിഞ്ഞിരുന്നെങ്കിൽ എത്രയോ കലഹങ്ങളും പ്രശ്നങ്ങളും ജീവിതത്തിൽനിന്ന് ഒഴിവാകുമായിരുന്നു. ഞങ്ങളുടെ വാശി വൈരാഗ്യങ്ങ ളുടെയും മാത്സര്യ ഭാവത്തിന്റെയും പിന്നിലുള്ള വലുതാകാനുള്ള പ്രേരണകളെ പരാജയ പ്പെടുത്താൻ പുൽക്കൂടിന്റെ ചൈതന്യം ഞങ്ങൾക്ക് നൽകേണമേ. ചെറുതാകുന്നത് വലു പ്പത്തിന്റെ ലക്ഷണമാണെന്ന് ഞങ്ങളുടെ ഹൃദയങ്ങൾ ഗ്രഹിക്കട്ടെ. ഞങ്ങൾക്കുവേണ്ടി ചെറുതാകാൻ മനസ്സായ വലിയവനായ ദൈവമേ, കുടുംബത്തിനും സമൂഹത്തിനും സഭ യ്ക്കുംവേണ്ടി ചെറുതാകാൻ ഞങ്ങളെയും പഠിപ്പിച്ചാലും. ആമേൻ.